# Statement on All Party Meeting of 19th June 2020

June 20, 2020

## 2020 ജൂൺ 19 നടന്ന സർവ്വകക്ഷി സമ്മേളനത്തെക്കുറിച്ചുള്ള പ്രസ്താവന

ജൂൺ 20, 2020

ഇന്നലെ നടന്ന സർവ കക്ഷി സമ്മേളനത്തിൽ(APM) നടത്തിയ പ്രധാനമന്ത്രിയുടെ പ്രസ്താവന തെറ്റായി വ്യാഖ്യാനിക്കുന്നതിനുള്ള ശ്രമങ്ങൾ ചിലയിടങ്ങളിൽ നടന്നു വരുന്നുണ്ട്.

യഥാർത്ഥ നിയന്ത്ര രേഖ(LAC) ലംഘിക്കുന്നതിനുള്ള ഏതൊരു ശ്രമത്തിനും എതിരെ ശക്തമായി പ്രതികരിക്കുമെന്നു പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു. യഥാർത്ഥത്തിൽ മുൻപ് ഇത്തരം വെല്ലുവിളികളോട് ഉണ്ടായിരുന്ന അവഗണനയ്ക്കു വിപരീതമായി LAC യിലെ ഏതുതരത്തിലുള്ള ലംഘനവും നേരിടാൻ ഇന്ത്യൻ സൈനികർ ഇപ്പോൾ തയ്യാറായിക്കഴിഞ്ഞു.("ഉൻഹേ രോക്കെ ഹേം, ഉൻഹേ രോക്കെ ഹേം”).

ഇത്തവണ ചൈനീസ് സേന വലിയ അളവിൽ LAC യിലേക്ക് വരുകയും ഇന്ത്യൻ പ്രതികരണം അതെ രീതിയിൽ തന്നെയാവുകയുമാണ് ഉണ്ടായത് എന്ന് APM ൽ പറഞ്ഞു. LAC യിലെ ലംഘനം സംബന്ധിച്ച്, ജൂൺ 15 ന് ഗാൽവാനിൽ ഉണ്ടായ പ്രക്ഷോഭത്തിന് കാരണമായത് LAC യിൽ തന്നെ ചൈനീസ് വിഭാഗം നിര്മ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ഇത്തരം പ്രവർത്തങ്ങളിൽ നിന്നും പിന്തിരിയാൻ വിസമ്മതിക്കുകയും ചെയ്തതിനാലാണ് എന്ന് വ്യക്തമായി പ്രതിപാദിക്കുകയുണ്ടായി.

APM ചർച്ചകളിലെ പ്രധാനമന്ത്രിയുടെ പ്രസ്താവനയിലെ മുഖ്യ ശ്രദ്ധ ജൂൺ 15 ന് ഗാൽവാനിൽ 20 ഇന്ത്യ സൈനികരുടെ ജീവൻ നഷ്ടപെടാനിടയായ സംഭവങ്ങളായിരുന്നു.ചൈനീസ് തന്ത്രങ്ങളെ നിര്ഷ്പ്രഭമാക്കിയ കരസേനയുടെ ധീരതയ്ക്കും രാജ്യസ്നേഹത്തിനും അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിച്ചു. നമ്മുടെ കരസേനഅംഗങ്ങളുടെ ധീരത മൂലം LAC യ്ക്ക് ഇപ്പുറത്ത് നമ്മുടെ ഭാഗത്ത് ചെനീസ് സാനിധ്യം ഇല്ലെന്നും പ്രധാനമന്ത്രി നിരീക്ഷിച്ചു. 16 ബീഹാർ റജിമെന്റിലെ സൈനികരുടെ ത്യാഗം മൂലം ചൈനീസ് വിഭാഗത്തിന്റെ നിർമാണ പ്രവർത്തങ്ങൾക്കുള്ള ശ്രമങ്ങളും അന്നേ ദിവസം നടന്ന LAC മറികടക്കുന്നതിനുള്ള ശ്രമങ്ങളും വിഫലമായി എന്നത് വ്യക്തമാണ്.

"നമ്മുടെ മണ്ണിൽ അതിക്രമിച്ചു കയറാൻ ആരെങ്കിലും ശ്രമിക്കുകയാണെങ്കിൽ ഈ മണ്ണിലെ ധീരപുത്രന്മാർ അവർക്ക് ഉചിതമായ മറുപടി നൽകുന്നതാണ് " എന്ന പ്രധാനമന്ത്രിയുടെ വക്കുക നമ്മുടെ സായുധ സേനയുടെ ധാർമ്മികതയും മൂല്യങ്ങളും സംക്ഷിപ്തമായി സംഗ്രഹിച്ചിരിക്കുന്നു. "നമ്മുടെ സായുധ സേന അതിർത്തി സംരക്ഷിക്കുന്നതിൽ ഒരു പിഴവുകളും വരുത്തില്ലെന്ന് നിങ്ങൾക്ക് ഉറപ്പു നൽകാനും ഞാൻ ആഗ്രഹിക്കുന്നു " പ്രധാന മന്ത്രി കൂട്ടിച്ചേർത്തു.

ഇന്ത്യൻ പ്രവിശ്യ എന്താണെന്നു ഇന്ത്യയുടെ ഭൂപടങ്ങളിൽ നിന്നും വ്യക്തമാണ്.ഈ സർക്കാർ അതിനോട് ശക്തമായും ആശങ്കകൾക്കിടയില്ലാത്ത വിധവും പ്രതിജ്ഞാബദ്ധമാണ്. ചില നിയമപരമല്ല പ്രവർത്തങ്ങൾ മൂലം കഴിഞ്ഞ 60 വർഷങ്ങളിലായി എങ്ങനെയാണ് 43,000 ചതുരശ്ര കിലോമീറ്ററുകൾ വിട്ടുകൊടുക്കേണ്ടി വന്നതെന്ന് രാജ്യത്തിന് നന്നായറിയാമെന്നു അദ്ദേഹം പറയുകയും തിനെക്കുറിച്ചുള്ള വിവരങ്ങൾ APM ൽ പങ്കു വയ്ക്കുകയും ചെയ്തു. LAC യിൽ ഏകപക്ഷീയമായി വരുത്തുന്ന ഒരു മാറ്റങ്ങളും ഈ സർക്കാർ അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

നമ്മുടെ സൈനികർ നമ്മുടെ അതിർത്തികൾ സംരക്ഷിക്കാനുള്ളപ്പോൾ, അവരുടെ ധർമ്മനിഷ്ഠം കുറയ്ക്കുന്നതിനായി, അതിനെകുറിച്ച് ആവശ്യമില്ലാത്ത വിവാദങ്ങൾ സൃഷ്ടിക്കേണ്ടി വന്നത് നിർഭാഗ്യകരമാണ്. എന്നിരുന്നാലും, ദേശീയ പ്രതിസന്ധിയുടെ സമയത്ത് സർക്കാരിനും സൈനികർക്കും വ്യക്തമായ പിന്തുണ നൽകുന്നതായിരുന്നു സർവകക്ഷിയോഗത്തിലെ മുന്നിട്ടു നിന്നിരുന്ന വികാരം. കപടപ്രചാരണങ്ങളിലൂടെ ഇന്ത്യൻ ജനതയുടെ ഐക്യം തകർക്കാനാവില്ല എന്നതിൽ ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്
.

**ന്യൂ ഡൽഹി**
**20 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.